ഭരണഭാഷ-മാതൃഭാഷ

# അച്ചടിവകുപ്പ് ഡയറക്ടറുടെ നടപടികൾ

(ഹാജർ: മനു. ബി.)

നമ്പർ 2676/2021/ഇ2/ഡി.പി. തിരുവനന്തപുരം,

തീയതി 01.06.2021.

വിഷയം:- അച്ചടി വകുപ്പ്—ജീവനക്കാര്യം—മിനിസ്റ്റീരിയൽ വിഭാഗം സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥലംമാറ്റം/സ്ഥാനകയറ്റം എന്നിവ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-(1) കൊല്ലം ജില്ലാ ഫാറം ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ. കെ. എം. അനിൽകുമാറിന്റെ 22-05-2021-ലെ അപേക്ഷ.

(2) ഷൊർണ്ണൂർ ഗവ. പ്രസ്സിലെ ക്ലാർക്ക് ഹയർ ഗ്രേഡ് ശ്രീ. കെ. എസ്. സുധീറിന്റെ 17-05-2021-ലെ അപേക്ഷ.

(3) കെ.എസ്. & എസ്.എസ്.ആർ. ഭാഗം II , ചട്ടം 13 (B)

## ഉത്തരവ്

അച്ചടി വകുപ്പിലെ തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സിൽ സീനിയർ ക്ലാർക്ക് ആയിരുന്ന വി. പ്രസന്ന കോട്ടയം വാഴൂർ ഗവ. പ്രസ്സിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീമതി റ്റി. സി. സുശീലാമ്മ, എറണാകുളം ജില്ലാ ഫോറം സ്റ്റോറിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. കെ. എസ്. മോഹൻദാസ്, തൃശ്ശൂർ ജില്ലാ ഫോറം സ്റ്റോറിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. കെ. ബി. സുരേഷ് എന്നീ ജീവനക്കാർ 31-05-2021-ൽ സർവ്വീസിൽ നിന്നും അധിവർഷ പെൻഷൻ പറ്റി പിരിഞ്ഞു. ആയതിൻ പ്രകാരം തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ ഗവ. പ്രസ്സിലും ജില്ലാ ഫാറം ഓഫീസുകളിലും സീനിയർ ക്ലാർക്കിന്റെ നാല് ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്.

കൊല്ലം ജില്ലാ ഫാറം സ്റ്റോറിലെ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ. കെ. എം. അനിൽകുമാർ 50 വയസ്സ് പൂർത്തിയാക്കിയ ഭിന്നശേഷിക്കാര നായ ജീവനക്കാരനാണെന്നും കോവിഡ് ബാധിച്ചതിനാൽ ആരോഗ്യസ്ഥിതി മോശമായതിനാലും സ്വദേശം എറണാകുളം ജില്ല ആയതിനാലും 01-06-2021-ൽ എറണാകുളം ജില്ലാ ഫോറം സ്റ്റോറിൽ സീനിയർ ക്ലാർക്കിന്റെ ഒരു ഒഴിവ്

വരുന്നതിനാൽ ടി ഒഴിവിലേക്ക് ശ്രീ. കെ. എം. അനിൽകുമാറിനെ സ്ഥലം മാറ്റം നൽകണമെന്ന് പരാമർശം (1)-ലെ 22-05-2021-ലെ അപേക്ഷപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

ഷൊർണ്ണൂർ ഗവ. പ്രസ്സിലെ ക്ലാർക്ക് (ഹയർ ഗ്രേഡ്) തസ്തികയിൽ സേവനം അനുഷ്ടിച്ചു വരുന്ന ശ്രീ. കെ. എസ്. സുധീർ 24-5-2021-ന് അൻപത് വയസ്സ് പൂർത്തിയായതിനാൽ ടിയാന് കെ.എസ്. & എസ്.എസ്.ആർ. ഭാഗം II , ചട്ടം 13 (B) പ്രകാരം '50' തികഞ്ഞ ഉദ്യോഗസ്ഥർക്ക് സ്ഥാനകയറ്റത്തിന് (Obligatory Departmental Test) വിജയിക്കുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കിയുള്ള ആനുകൂല്യം അനുവദിച്ച് 01-06-2021 മുതലുള്ള സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് പരാമർശം (2)-ലെ 17-05-2021ലെ അപേക്ഷപ്രകാരം സ്ഥാനക്കയറ്റം ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന ജീവനക്കാർക്ക് സീനിയർ ക്ലാർക്ക് തസ്തികയിലേക്കുള്ള സ്ഥാനകയറ്റം/സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര്/ തസ്തിക<br>നിലവിലെ കാര്യാലയം | സ്ഥാനകയറ്റം/ സ്ഥലംമാറ്റം നൽകി നിയമിക്കുന്ന കാര്യാലയം | ഒഴിവ് സംബന്ധിച്ച വിവരം | ഒഴിവിന്റെ സ്വഭാവം |
|---|---|---|---|---|
| 1 | ശ്രീമതി ശോഭ. എസ്.,<br>ക്ലാർക്ക് (ഹയർ ഗ്രേഡ്), ഗവ. പ്രസ്സ് മണ്ണന്തല | സ്ഥാനകയറ്റം, സീനിയർ ക്ലാർക്ക്<br>(35600-75400)<br>ഗവ. സെൻട്രൽ പ്രസ്സ് തിരുവനന്തപുരം | വി. പ്രസന്ന 31-05-2021-ൽ വിരമിക്കുന്ന ഒഴിവിൽ | ഓഫീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് |
| 2 | ശ്രീമതി എസ്. ഗീത<br>ക്ലാർക്ക് (ഹയർ ഗ്രേഡ്), ഗവ. പ്രസ്സ് വാഴൂർ | സ്ഥാനകയറ്റം, സീനിയർ ക്ലാർക്ക്<br>(35600-75400)<br>ജില്ലാഫാറം സ്റ്റോർ കൊല്ലം | ശ്രീ. കെ. എം. അനിൽകുമാറിനെ സ്ഥലം മാറ്റിയ ഒഴിവിൽ | ഓഫീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് |

| | | | | |
|---|---|---|---|---|
| 3 | ശ്രീ. കെ. എം. അനിൽകുമാർ സീനിയർ ക്ലാർക്ക് ജില്ലാഫാറം സ്റ്റോർ കൊല്ലം | സ്ഥലം മാറ്റം ജില്ലാ ഫാറം സ്റ്റോർ എറണാകുളം | ശ്രീ. കെ. എസ്. മോഹൻദാസ് 31-05-2021-ൽ വിരമിക്കുന്ന ഒഴിവിൽ | അപേക്ഷാ പ്രകാരം |
| 4 | ശ്രീ. കെ. എസ്. സുധീർ ക്ലാർക്ക് (ഹയർ ഗ്രേഡ്), ഗവ. പ്രസ്സ് ഷൊർണ്ണൂർ | സ്ഥാനകയറ്റം, സീനിയർ ക്ലാർക്ക് (35600-75400) ജില്ലാഫാറം സ്റ്റോർ തൃശ്ശൂർ | ശ്രീ. കെ. ബി. സുരേഷ് 31-05-2021-ൽ വിരമിക്കുന്ന ഒഴിവിൽ | ഓപ്ഷൻ കെ.എസ്. & എസ്.എസ്. ആർ. ഭാഗം II, ചട്ടം 13 (B) |
| 5 | ശ്രീ. സൂരജ്കുമാർ. എസ്. ക്ലാർക്ക്, ജില്ലാ ഫാറം സ്റ്റോർ കോട്ടയം | സ്ഥാനകയറ്റം, സീനിയർ ക്ലാർക്ക് (35600-75400) ഗവ. പ്രസ്സ് വാഴൂർ കോട്ടയം | ശ്രീമതി റ്റി. സി. സുശീലാമ്മ 31-05-2021-ൽ വിരമിക്കുന്ന ഒഴിവിൽ | ഓഫീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് |
| 6 | ശ്രീ. പി. ലക്ഷ്മണ പണിക്കർ, ക്ലാർക്ക്, ഗവ. പ്രസ്സ് ഷൊർണ്ണൂർ | സ്ഥലംമാറ്റം, ഗവ. പ്രസ്സ് വാഴൂർ കോട്ടയം | ശ്രീമതി എസ്. ഗീതയ്ക്ക് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ | ഓഫീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് |

സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനുമുള്ള നടപടികൾ മേലധികാരികൾ സ്വീകരിക്കേണ്ടതാണ്.

സ്ഥലംമാറ്റം/സെക്ഷൻമാറ്റം ലഭിച്ച ജീവനക്കാർ ബന്ധപ്പെട്ട സെക്ഷനുകളിൽ അടിയന്തിരമായി ചുമതല ഏറ്റെടുക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ രേഖാമൂലം കൈമാറേണ്ടതും ആയത് രേഖാമൂലം കൈപ്പറ്റേണ്ടതുമാണ്.

സ്ഥാനകയറ്റം/സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർക്ക് ചേരും കാലത്തിനും നിയമാനുസൃത യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

ഒപ്പ്/.
അച്ചടി വകുപ്പ് ഡയറക്ടർ.

ബന്ധപ്പെട്ട വ്യക്തികൾക്ക്.

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ./ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ
സി.എ./ ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ) ഗവ. സെൻട്രൽ പ്രസ്സ്
തിരുവനന്തപുരം.
ഡെപ്യൂട്ടി സൂപ്രണ്ട് ഗവ. പ്രസ്സ് മണ്ണന്തല/വാഴൂർ/
ജില്ലാ ഫാറം ഓഫീസർ കോട്ടയം/എറണാകുളം/
ഫാറം കൺട്രോളർ/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/
സീനിയർ സൂപ്രണ്ട്/ അക്കൗണ്ട്സ് ഓഫീസർ/ ഓഫീസ് മാനേജർ/
ജൂനിയർ സൂപ്രണ്ട്-ഇ1/ ഹെഡ് ക്ലാർക്ക് -ജിസിപി/ഇ2 സീറ്റ്/എ4
ഫയൽ/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്